# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ --121 21.03.2012- ലെ മറുപടിക്ക്

## എൻ.ആർ.ഐ. മീറ്റിലെ തീരുമാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) കഴിഞ്ഞ ഡിസംബറിൽ നടന്ന എൻ.ആർ.ഐ. മീറ്റിൽ എടുത്ത സുപ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്;<br><br>(ബി) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത മീറ്റിൽ ഉയർന്നുവന്നത്; | (എ & ബി) സംസ്ഥാന സർക്കാരിന്റെ നോർക്ക വകുപ്പും നോർക്ക – റൂട്ട്സും ചേർന്ന് വിദേശത്തുള്ള പ്രവാസികളെയും തിരിച്ചെത്തിയ പ്രവാസി മലയാളികളെയും മറുനാടൻ പ്രവാസി മലയാളികളെയും പങ്കെടുപ്പിച്ചുകൊണ്ട് "ഗ്ലോബൽ എൻ. ആർ. കെ. മീറ്റ് 2011" ഡിസംബർ 29,30 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നടത്തുകയുണ്ടായി. പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി നൂതന സംരംഭങ്ങളെക്കുറിച്ചും, തിരികെയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടക്കുകയുണ്ടായി. വിശദമായ ചർച്ചകൾക്കൊടുവിൽ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉയർന്നുവന്നു. |

* പ്രവാസി പുനരധിവാസ പദ്ധതികൾ പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായി നടപ്പിലാക്കുക.
* പ്രവാസിക്ഷേമനിധിയിലെ അംഗത്വത്തിനുള്ള പ്രായപരിധി 60 വയസ്സാക്കി പെൻഷൻ ആനുകൂല്യം വർദ്ധിപ്പിക്കുക.
* പ്രവാസികളുടെ കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഒരു പ്രവാസി യൂണിവേഴ്സിറ്റി ആരംഭിക്കുക.
* പ്രവാസി ബാങ്ക്/ബാങ്കിതര ധനകാര്യ സ്ഥാപനം നോർക്ക – റൂട്ട്സിന്റെ കീഴിൽ ആരംഭിക്കുക.
* ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ നാട്ടിൽ എത്തിക്കാൻ നടപടി എടുക്കുക.
* സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളുമായി തൊഴിൽ കരാർ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാർ അടിയന്തിര നടപടി എടുക്കണം.
* ഇന്ത്യയിലെ മറുനാടൻ പ്രവാസികളുടെ യാത്രാ ക്ലേശം(പ്രത്യേകിച്ചും ഡൽഹി, മുംബൈ, ചെന്നൈ, ബാംഗ്ലൂർ) പരിഹരിക്കുന്നതിന് ഇന്ത്യൻ റയിൽവേ നടപടികൾ സ്വീകരിക്കണം.
* ഗൾഫ് നാടുകളിൽ നിയമനടപടികൾ നേരിടുന്നവരെ സഹായിക്കുന്നതിനായി ഒരു പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുക.

(സി) ഇവ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

(സി) ഗ്ലോബൽ എൻ. ആർ. കെ. മീറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പന്ത്രണ്ടാം പദ്ധതിയിൽ പ്രവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്താൻ വേണ്ട ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളെ പറ്റിയുള്ള ബോധവൽക്കരണം/സെമിനാർ തുടങ്ങിയവ നടത്തുന്നതിന് നടപടികൾ എടുത്ത് വരുന്നുണ്ട്.
2. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകി പ്രാബല്ല്യത്തിൽ വരുത്തിക്കഴിഞ്ഞു.
3. ഗൾഫ് നാടുകളിൽ നിയമനടപടികൾ നേരിടുന്നവരെ സഹായിക്കുന്നതിനായി ഒരു പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
4. റയിൽവേ യാത്രാപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മുംബൈയിൽ നിന്നും ബംഗലൂരുവിൽ നിന്നും ഓരോ പുതിയ തീവണ്ടി/സർവ്വീസ് ആരംഭിച്ച് തീവണ്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് 2012 - 13 റയിൽവേ ബഡ്ജറ്റിൽ

പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

5. മറുനാടൻ മലയാളികൾക്ക്(മറ്റ് സംസ്ഥാനങ്ങൾ) വേണ്ടി ഇൻഷ്യൂറൻസ് കാർഡ് നൽകാൻ നടപടികൾ പൂർത്തിയായി വരുന്നുണ്ട്.

മറ്റ് നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ